പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2200 — 18-06-2013 -ൽ മറുപടിക്ക്.

## റവന്യൂ ടവർ നിർമ്മാണ പരിപാടിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ.<br>" ടി.എ. അഹമ്മദ് കബീർ<br>" അബ്ദുറഹിമാൻ രണ്ടത്താണി.<br>" എൻ.എ. നെല്ലിക്കുന്ന്. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൻെറ ആഭിമുഖ്യത്തിലുള്ള റവന്യൂ ടവർ നിർമ്മാണ പരിപാടിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ടോ;<br>(ബി) എങ്കിൽ ഏറ്റവും ഒടുവിൽ നടത്തിയ അവലോകനത്തിൻെറ വിശദവിവരം നല്കാമോ; | (എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രഖ്യാപിച്ച റവന്യൂ ടവർ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നതേയുള്ളൂ. നേരത്തേ ഏറ്റെടുത്തിട്ടുള്ള നെടുമങ്ങാട്, തിരുവല്ല, അടൂർ, ചങ്ങനാശ്ശേരി, കോതമംഗലം, എറണാകുളം എന്നിവിടങ്ങളിലെ റവന്യൂ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ചു വർഷങ്ങൾക്കു മുമ്പു തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ റവന്യൂ ടവർ നിർമ്മാണ പ്രവർത്തന പുരോഗതി അവലോകനത്തിൻെറ ആവശ്യകത ഉണ്ടായിട്ടില്ല. |
| (സി) എത്ര റവന്യൂ ടവറുകളുടെ നിർമ്മാണമാണ് ഇപ്പോൾ ബോർഡിൻെറ ചുമതലയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ഒരു റവന്യൂ ടവർ നിർമ്മിക്കുന്നതിനാണ് ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| (ഡി) അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (ഡി) ഈ പദ്ധതിയുടെ നിർമ്മാണ കാലയളവ് രണ്ടു വർഷമായാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ